(സി) വിതരണം ചെയ്ത ഭൂമിക്ക് എന്തെങ്കിലും വില ഈടാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തു തുക സർക്കാരിന് ലഭിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

മിച്ചഭൂമി വിതരണം

141 [1080] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-2001 കാലയളവിൽ സംസ്ഥാനത്ത് ആകെ എത്ര മിച്ചഭൂമി വിതരണം ചെയ്തുവെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയുണ്ടായെന്നും വ്യക്തമാക്കുമോ ;

(ബി) വിതരണം ചെയ്യാൻ അനുയോജ്യമായ എത്ര ഹെക്ടർ മിച്ചഭൂമി റവന്യൂ വകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) ഇത് വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1996-2001 കാലയളവിൽ സംസ്ഥാനത്ത് ആകെ 5009 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തു. 17368 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയുണ്ടായി.

(ബി) വിതരണം ചെയ്യാൻ അനുയോജ്യമായ മിച്ചഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു :

ജില്ല	*ഹെക്ടർ*
തിരുവനന്തപുരം	9
കൊല്ലം	6
പത്തനംതിട്ട	6
ആലപ്പുഴ	13
കോട്ടയം	1
ഇടുക്കി	7
എറണാകുളം	1
തൃശ്ശൂർ	17
പാലക്കാട്	30
കോഴിക്കോട്	31
മലപ്പുറം	133
വയനാട്	3
കണ്ണൂർ	173
കാസർഗോഡ്	41
ആകെ	471

GPM. 2/153/2013—21

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള ഭൂപരിഷ്കരണ നിയമത്തിലും ചട്ടത്തിലും അനുശാസിക്കും പ്രകാരം ഫോറം 16-ൽ പത്രസ്യം ചെയ്ത് അപേക്ഷകൾ കിട്ടിയത് അന്വേഷണം നടത്തി അർഹത അനുസരിച്ച് പരിശോധിക്കുകയും ഭൂമി സർവ്വേ ചെയ്ത് പ്ലോട്ടുകൾ തിരിക്കുന്ന നടപടികളുമൊക്കെ വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

ഉരുൾപൊട്ടലിൽ വീടും കാർഷിക വിളകളും നഷ്ടപ്പെട്ടവരുടെ പുനരധിവാസം

142 [1081] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴിത്തോട്, ചെമ്പനോട് എന്നീ സ്ഥലങ്ങളിലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് വീടും, കാർഷിക വിളകളും നഷ്ടപ്പെട്ടവരെയെല്ലാം പുനരധിവസിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) ദുരിതാശ്വാസ ക്യാമ്പുകളിൽ ഇപ്പോൾ എത്ര പേർ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ : ഇവരെ എപ്പോൾ മാറ്റി താമസിപ്പിക്കുമെന്ന് വിശദമാക്കാമോ ;

(സി) ഉരുൾപൊട്ടലിൽ ജീവഹാനി നേരിട്ടവരുടെ കുടുംബാംഗങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരമാണ് സർക്കാർ നൽകിയതെന്നും ഇനി എന്തെങ്കിലും ആശ്വാസം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുഴിത്തോട്, ചെമ്പനോട് എന്നീ സ്ഥലങ്ങളിലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് വീട് നഷ്ടപ്പെട്ട എല്ലാ കുടുംബങ്ങൾക്കും സർക്കാർ വക സ്ഥലവും 30,000 രൂപ വീതം സാമ്പത്തിക സഹായവും അനുവദിച്ചു. കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടത്തിന് അർഹമായ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

(ബി) 22-1-2006 മുതൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നില്ല.

(സി) ഉരുൾപൊട്ടലിൽ ജീവഹാനി നേരിട്ടവരുടെ കുടുംബാംഗങ്ങൾക്ക് 50,000 രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചു. വീടും സ്ഥലവും നഷ്ടപ്പെട്ടതിനു പകരമായി ഭൂമിയും, 30,000 രൂപ വീതം സഹായവും അനുവദിച്ചിട്ടുണ്ട്.

പ്രകൃതിക്ഷോഭംമൂലം വീടും കൃഷിനാശവും സംഭവിച്ചതിനുള്ള നഷ്ടപരിഹാരം

143 [1082] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-ൽ നൊച്ചാട് ഗ്രാമ പഞ്ചായത്തിലെ ചേനോളിയിൽ പ്രകൃതിക്ഷോഭംമൂലം വീടും, കൃഷിനാശവും സംഭവിച്ചതിനുള്ള നഷ്ടപരിഹാരം ആർക്കെങ്കിലും നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേരുവിവരവും നൽകിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) നഷ്ടപരിഹാരം ഇനിയാർക്കെങ്കിലും നൽകാൻ ബാക്കിയുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോൾ നൽകുമെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly